# MALAYALA MANORAMA

**Special tourism project for Kumarakom**

**Date :** 11.12.2019 **| Edition : All Kerala | Page :** 17 **| Clip size (cm) : W:** 17 **H:** 9

---

# കുമരകം സവിശേഷ ടൂറിസം കേന്ദ്രമാക്കാൻ പദ്ധതി

ന്യൂഡൽഹി • കുമരകം അടക്കം രാജ്യത്തെ 17 ടൂറിസ്റ്റ് കേന്ദ്രങ്ങൾ സവിശേഷ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ ടൂറിസം വകുപ്പിനു പദ്ധതി. ധനമന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണിത്.

അംഗീകരിക്കപ്പെട്ടാൽ ഈ കേന്ദ്രങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ വർധിപ്പിക്കും. തദ്ദേശവാസികൾക്ക് നൈപുണ്യ വികസന പരിശീലന പദ്ധതികളുണ്ടാവും. പ്രാദേശിക സമൂഹത്തിന്റെ ഉന്നതി കൂടി ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.

കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ, മികച്ച റോഡുകൾ, എയർസ്ട്രിപ്, സ്ഥലത്തിന്റെ പ്രചാരണവും ബ്രാൻഡിങ്ങും, സ്വകാര്യ നിക്ഷേപം വഴി കൂടുതൽ വികസനം എന്നിവ ഇതിലുൾപ്പെടും.

ടൂറിസം വകുപ്പിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ കേരളത്തിൽ നിന്നുള്ള മലനാട് മലബാർ ക്രൂസ് ടൂറിസം പദ്ധതി കൂടി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ബിഹാറിലെ ബിട്ടിഹർവ-ചന്ദ്രാഹിയ-തുർകൗലിയ പദ്ധതിയാണ് മറ്റൊന്ന്. ഇതു രണ്ടും റൂറൽ സർക്യൂട്ട് പദ്ധതികളായാണ് ഉൾപ്പെടുത്തുന്നതെന്ന് മന്ത്രി പ്രഹ്ളാദ് സിങ് പട്ടേൽ പറഞ്ഞു.

## വികസിപ്പിക്കുന്ന മറ്റ് കേന്ദ്രങ്ങൾ

താജ്മഹൽ-ഫത്തേപ്പൂർ സിക്രി (യുപി), അജന്ത-എല്ലോറ (മഹാരാഷ്ട്ര), ഹുമയൂൺ കുടീരം, ചെങ്കോട്ട, കുത്തബ് മിനാർ (ഡൽഹി), കോൾവ (ഗോവ), ആമർ കോട്ട (രാജസ്ഥാൻ), സോമനാഥ്, ധോലാവിര (ഗുജറാത്ത്), ഖജുരാഹോ (മഹാരാഷ്ട്ര), ഹംപി (കർണാടക), മഹാബലിപുരം (തമിഴ്നാട്), കാസിരംഗ (അസം),മഹാബോധിക്ഷേത്രം(ബിഹാർ).

